# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 180

07.03.2017 – ൽ മറുപടിക്ക്

## റേഷൻ കടകളുടെ പ്രവർത്തനം

ശ്രീ.എ. എൻ. ഷംസീർ
,, സി.കെ. ഹരീന്ദ്രൻ
,, എം. രാജഗോപാലൻ
,, പി.വി. അൻവർ :

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി)

(എ) ഭക്ഷ്യ ധാന്യ വിഭവങ്ങൾ തിരിമറി നടത്താത്ത റേഷൻ കടകൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്ന പരാതി അന്വേഷിച്ചിരുന്നോ;

(എ) ഇത് സംബന്ധിച്ച് പരാതികളൊന്നും ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ബി) തിരിമറി തടഞ്ഞുകൊണ്ട്, ഇവയെ ലാഭകരമായി നിലനിർത്താൻ ഉദ്ദേശിക്കുന്ന പദ്ധതി എന്താണ്; വാതിൽപ്പടി വിതരണം ആരംഭിക്കാനായി ഏർപ്പെടുത്തിയിട്ടുള്ള സജ്ജീകരണങ്ങൾ അറിയിക്കാമോ;

(ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 വിഭാവനം ചെയ്യുന്ന വാതിൽപ്പടി വിതരണം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി ക്രമങ്ങൾ ത്വരിതഗതിയിൽ നടന്നു വരുന്നു. ഇതിനായി സപ്ലൈകോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സപ്ലൈചെയിൻ മാനേജ്മെന്റ് നടപ്പിലാക്കുന്നതിനാവശ്യമായ ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ എൻ.ഐ.സി. തയ്യാറാക്കി വരുന്നു. ജി.പി.എസ് ട്രാക്കിംഗ് വഴി റേഷൻ സാധനങ്ങൾ കൊണ്ടു പോകുന്ന വാഹനങ്ങൾ നിരീക്ഷിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തുന്നുണ്ട്. സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളും കമ്പ്യൂട്ടർവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. റേഷൻ കടകളിലേക്കാവശ്യമായ ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ വാങ്ങുന്നതിന് സപ്ലൈകോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടെണ്ടർ വിളിക്കുന്നതിനാവശ്യമായ RFP (Request for Proposal) ഡോക്യുമെന്റ് സിവിൽ സപ്ലൈസ് വകുപ്പ് തയ്യാറാക്കി സപ്ലൈകോയ്ക്ക് കൈമാറിയിട്ടുണ്ട്. 2017 മദ്ധ്യത്തോടുകൂടി റേഷൻ സംവിധാനം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) റേഷൻ വ്യാപാരികൾക്ക് വില്പനയുടെ അടിസ്ഥാനത്തിലുള്ള കമ്മീഷന് പകരം വേതനം ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ; സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സ്റ്റോറുകൾ വഴി വിൽക്കുന്ന സാധനങ്ങൾ കൂടി വിൽക്കാൻ അനുമതി നൽകി, റേഷൻകടകളെ പുതിയ രൂപത്തിലേക്ക് മാറ്റാൻ സാധിക്കുമോ?

(സി) സംസ്ഥാനത്ത് നിലവിലുള്ള റേഷനിംഗ് സമ്പ്രദായം അനുസരിച്ചും, ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരവും റേഷൻ കട ഉടമസ്ഥ് കമ്മീഷൻ/മാർജിൻ എന്ന നിലയിൽ ഭക്ഷ്യ ധാന്യങ്ങളുടെ വിതരണത്തെ അടിസ്ഥാനപ്പെടുത്തി പ്രതിഫലം നൽകുന്നതിനാണ് വ്യവസ്ഥയുള്ളത്. കേരളത്തിലെ റേഷൻ വിതരണത്തെ കുറ്റമറ്റ രീതിയിൽ ആക്കുന്നതിനെ പറ്റി പഠിക്കുവാൻ ശ്രീമതി നിവേദിത പി. ഹരൻ.ഐ.എ.എസ്. നെ അദ്ധ്യക്ഷയാക്കി ഒരു കമ്മീഷനെ സർക്കാർ നിയമിച്ചിരുന്നു. ഈ കമ്മീഷന്റെ പഠന റിപ്പോർട്ടിൽ റേഷൻ വ്യാപാരികൾക്ക് നീതി പൂർവ്വമായ കമ്മീഷൻ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. രാജ്യത്തെ പൊതുവിതരണ സമ്പ്രദായം പരിഷ്കരിക്കുന്നതിനായി 2013 ൽ ഭാരത സർക്കാർ പാസ്സാക്കിയ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി റേഷൻ വ്യാപാരികൾക്കുള്ള പാക്കേജ് സംബന്ധിച്ച് പഠിക്കുവാൻ റേഷൻ വ്യാപാരി പ്രതിനിധികൾ, സിവിൽ സപ്ലൈസ് ഡയറക്ടർ, സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ, തൊഴിൽ വകുപ്പ് പ്രതിനിധി, ഡബ്ല്യൂ.എഫ്.പി. പ്രതിനിധി എന്നിവർ ഉൾപ്പെട്ട ഒരു സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. സമിതി റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. സപ്ലൈകോ വഴി വിതരണം ചെയ്തു വരുന്ന അവശ്യ സാധനങ്ങൾ റേഷൻ കട വഴി ലഭ്യമാക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ മുന്നിലുണ്ട്.

സെക്ഷൻ ഓഫീസർ